ദാമ്പ

കെ. ജി. എസ്.

ദാമ
കെ. ജി. എസ്.
(മലയാളം: കവിത)

© 2021, K. G. S.

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Hauptweg und Nebenwege, a painting by Paul Klee (1879–1940). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ദാസിനെപ്പറ്റിത്തന്നെ. ആ ദിവസവും, അതിൽപ്പിന്നെ നാം (സച്ചി, അശോകൻ, കെ. ജി. എസ്.) ദാസിന്റെ വീട്ടിൽ പോയി ദാസിന്റെ അച്ഛനമ്മമാരെ കണ്ട പെരിഞ്ഞനം ദിവസവും, കഴിഞ്ഞൊരു ദിവസം എഴുതിയത്. മൌനവും സ്നേഹവും ഐക്യവും കർമ്മപ്രേരണയും സ്നേഹശാസനയും ഉത്തരമില്ലായ്മയും ഉൾപ്പടർപ്പായ എന്റെ ദാസനുഭവത്തിൽ നിന്നാണ് ആവത് നിർവികാരമാക്കിയ ഈ ഓർമ്മക്കെട്ട്.

സ്നേഹത്തോടെ,

കെ. ജി. എസ്.

ദാമു[1]

മഴനാളിൽ വെങ്കിടി, ഗോപി, ലക്ഷ്മി,
പലർ ഞങ്ങളോരോന്ന് ചൊന്നിരിക്കെ
കുടയുമുടലും നനഞ്ഞു വന്ന്
പറയുന്നു നീലനീ ദുഃഖവാർത്ത:
റെയിലിന്മേൽ ദാമു സ്വയം മരിച്ചു.

കാളിക്കളമായ കാവരികിൽ
പാടവും കുന്നും നിശ്ശബ്ദതയും
നാളേക്ക് പാളം വിരിച്ച തോട്ടം,
അവിടെന്തേ മൃത്യു കൊതിച്ചു ദാമു?

'ദാരികനാണ് ഞാ,നല്ല ദാമു;
തീവണ്ടിയല്ലി,തലറിയെത്തും
കാളി,യിവളെന്നെത്തീർത്ത് പോട്ടെ.'
തോന്നലെന്തിങ്ങനെയവന് വന്നു?

അവനച്ഛനമ്മാർക്കേക പുത്രൻ
അവനെന്തിനിങ്ങനെ വീടൊഴിച്ചു?
അറിയുവോർക്കൊക്കെയുമാത്മമിത്രം
അവനെന്തിനിങ്ങനെ നാടൊഴിച്ചു?

2

മരണമറിയുവാൻ പോയ് വരുമ്പോൾ
വാക്കും നടപ്പും പതുക്കെയായി.
കൂടെക്കുറച്ചുപേർ പോന്നിരുന്നു, സ്വന്തം
വീടെത്തിയപ്പോഴവർ പിരിഞ്ഞു; പാതയിൽ
ഇനി നമ്മൾ രണ്ട് പേർ മാത്രം, നമ്മുടെ
വീടോ ഇനിയെത്ര എത്ര ദൂരെ!

നഗരച്ചുടുവെട്ടം തൊട്ടുപോണം
ചങ്ങാതി നമ്മെക്കുറിച്ച് ചൊല്ലും
നുണ കേട്ട് ചുമ്മ ചിരിച്ചു പോണം
സമരവെയിലുമതിന്നറുതി-
ച്ചോരച്ചതിയും ജയിച്ചു പോണം.

കടവും കിതപ്പും അതിന്നറുതി–
പ്പലകൈത്തണലിൽ കുളിർന്നു പോണം
ചുഴിയുമൊഴുക്കും കടന്ന് പോണം
ചുടലയും കാടുമറിഞ്ഞു പോണം.
ഒളിവിലും തെളിവിലും ചത്തോരെല്ലാം
മുറിയിലും മുറ്റത്തും വന്ന് മിന്നാ-
മിന്നിയായ് കാക്കയായ് മൈനയായും
കാവലും കൂട്ടുമായ് കൂട്ടും നമ്മുടെ
വീടോ ഇനിയെത്ര എത്ര ദൂരെ ?

3

വഴിയിലിളകുന്ന പാഴിലകൾ...അതിൻ
മീതേയിഴയുന്ന വലിയ മേലങ്കി,
വരവായിളം കാറ്റിൽ മൌനമാലാഖ.



അറിയാത്തതിനൊക്കെ രൂപമാകും
പറയാത്തതിനൊക്കെ ഭാഷയാകും
മൌനമേ, ഞങ്ങളെ കേട്ടിരിക്കേ,
ഇല്ലായ്മ വിട്ടുയർന്നുള്ളവരായ്
മാറിയ ഞങ്ങളെത്തെല്ലുകാലം
കൂടെക്കഴിഞ്ഞുമറിഞ്ഞിരിക്കേ,
അവനെന്തേ പ്രത്യാശായറ്റുപോയി?
മൌനമേ നിന്നെയും തന്നു പോയി.

1982.

---

1. വടക്കാഞ്ചേരിക്കടുത്ത് ഓട്ടുപാറ ഉത്രാളിക്കാവിനടുത്താണ് ദാസ് ജീവനൊടുക്കിയത്.



ഡ്രോയിങ്: വി. ആർ. സന്തോഷ്
ചിത്രങ്ങൾ: പോൾ ക്ലീ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014